സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 192 2024 നവംബർ 19 ചൊവ്വ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

മിന്നു മണി ഇന്ത്യൻ ടീമിൽ തിരിച്ചെത്തി

ന്യൂഡൽഹി: ഓസ്ട്രേലിയൻ പര്യടനത്തിനുള്ള ഇന്ത്യൻ സീനിയർ വനിതാ ടീമിനെ പ്രഖ്യാപിച്ചു. ഓസ്ട്രേലിയയ്ക്കെതിരായ മൂന്ന് മത്സരങ്ങളുടെ ഏകദിന പരമ്പരയ്ക്കുള്ള ഇന്ത്യൻ ടീമിനെയാണ് വനിതാ സെലക്ഷൻ കമ്മിറ്റി തിരഞ്ഞെടുത്തത്. ഹർമൻപ്രീത് കൗർ നയിക്കുന്ന ടീമിൽ സ്മൃതി മന്ദാനയാണ് വൈസ് ക്യാപ്റ്റൻ. മലയാളി താരം മിന്നു മണിയും സ്ക്വാഡിൽ ഇടം പിടിച്ചു

പോലീസ് നിരീക്ഷണം ശക്തമാക്കി

തൃശൂർ: സംസ്ഥാനത്ത് കുറുവ മോഷണസംഘത്തിന്റെ സാന്നിധ്യം സ്ഥിരീകരിച്ച സാഹചര്യത്തിൽ തൃശൂർ ജില്ലയിലും പോലീസ് നിരീക്ഷണം ശക്തമാക്കി. കൊടുങ്ങല്ലൂർ, മതിലകം മേഖല കേന്ദ്രീകരിച്ചാണ് പോലീസ് നിരീക്ഷണം. രാത്രികാല പട്രോളിംഗ് ഉൾപ്പടെ കർശനമാക്കി.

ഡൽഹിയിലെ നിർമാണ നിരോധനത്തെ കുറിച്ച് ചോദിച്ച് സുപ്രീം കോടതി;

അഭിഭാഷകന്റെ മറുപടിയിൽ ഞെട്ടി ജഡ്ജി

ന്യൂഡൽഹി: രാജ്യതലസ്ഥാനത്തെ അതിരൂക്ഷമായ വായു മലിനീകരണം സംബന്ധിച്ച ഹർജികൾ പരിഗണിക്കവേ സുപ്രീം കോടതിയിൽ നാടകീയ രംഗങ്ങൾ. ഡൽഹിയിൽ നിർമാണ പ്രവൃത്തികൾ നിരോധിച്ചിട്ടും സുപ്രീംകോടതി വളപ്പിൽ നിർമാണങ്ങൾ നടക്കുന്നുണ്ടെന്ന മുതിർന്ന അഭിഭാഷകന്റെ വെളിപ്പെടുത്തലാണ് ഹർജികൾ പരിഗണിച്ച ബെഞ്ചിനെ ഞെട്ടിച്ചത്.

തലസ്ഥാനത്തെ വായുഗുണനിലവാര സൂചികയിലെ തകർച്ച പരിശോധിക്കുന്നതിൽ കാലതാമസം ഉണ്ടാക്കിയ എയർ ക്വാളിറ്റി മാനേജ്മെന്റ് കമ്മിഷനെയും സംസ്ഥാന സർക്കാരിനേയും ജസ്റ്റിസുമാരായ എ.എസ്.ഒക്ക, എ.ജി.മസിഹ് എന്നിവരുടെ ബെഞ്ച് വിമർശിക്കുന്നതിനിടെ ആയിരുന്നു സംഭവം. നിർമാണ പ്രവർത്തനങ്ങൾ നടക്കുന്നതിനും പൊളിക്കുന്നതിനും നിരോധമുണ്ട്. എന്നാൽ ആരെങ്കിലും ഇതൊക്കെ ശ്രദ്ധിക്കുന്നുണ്ടോ? സൈറ്റിൽ പോയി ആരെങ്കിലും പരിശോധിക്കുന്നുണ്ടോ? ജസ്റ്റിസ് ഒക്ക ചോദിച്ചു.

ഇതിനിടെ, തലസ്ഥാനത്ത് നിർമാണ പ്രവൃത്തികൾ നിരോധിച്ചിട്ടും സുപ്രീംകോടതി വളപ്പിൽ നിർമാണങ്ങൾ നടക്കുന്നുവെന്ന് ഹർജിക്കാരിൽ ഒരാൾക്കുവേണ്ടി ഹാജരായ മുതിർന്ന അഭിഭാഷകൻ ഗോപാൽ ശങ്കരനാരായണൻ മറുപടി നൽകി. കോടതി 11-ന് പുറത്ത് കല്ലുകൾ പൊട്ടിക്കുന്നുണ്ടെന്നും നിർമാണ പ്രവൃത്തികൾ നടക്കുന്നുണ്ടെന്നും ചൂണ്ടിക്കാട്ടിയ അദ്ദേഹം, അന്തരീക്ഷത്തിലേക്ക് പൊടിപടലങ്ങൾ ഉയരുന്നതായും പറഞ്ഞു. ഇതുകേട്ടതോടെ ജസ്റ്റിസ് എ.എസ്.ഒക്ക ഞെട്ടി. 'എന്ത്? കോടതിയിൽ വരാൻ അഭ്യർഥിച്ചുകൊണ്ട് സെക്രട്ടറി ജനറലിന് ഒരു ഫ്ളാഷ് സന്ദേശം അയയ്ക്കുക', അദ്ദേഹം നിർദേശിച്ചു.

ആറുദിവസമായി തുടർച്ചയായി കനത്ത പുകമഞ്ഞിന്റെ വലയമാണ് ഡൽഹിയിലാകെ. കാഴ്ചപരിധി 150 മീറ്ററായി കുറഞ്ഞു. പുകമഞ്ഞിനെ തുടർന്ന് ഡൽഹിയിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിരിക്കുകയാണ് കാലാവസ്ഥാ നിരീക്ഷണ കേന്ദ്രം. ഡൽഹിയിലെ വായുനിലവാര സൂചിക 481 എന്ന നിലയിലേക്കാണ് കഴിഞ്ഞദിവസം ഉയർന്നത്. രാവിലെ ആറുമണിക്ക് ഡൽഹിയിലെ 35 നിരീക്ഷണ കേന്ദ്രങ്ങളിലും വായുനിലവാര സൂചിക 400-ന് മുകളിലാണ് രേഖപ്പെടുത്തിയത്. ഇതോടെ കടുത്ത നിയന്ത്രണങ്ങളും ഏർപ്പെടുത്തി. എല്ലാതരത്തിലുമുള്ള നിർമാണപ്രവർത്തനങ്ങൾക്കും കെട്ടിടം പൊളിക്കലുകൾക്കുമാണ് നിരോധനം.

ഡൽഹിയിൽ രജിസ്റ്റർ ചെയ്തവ ഉൾപ്പെടെ ബിഎസ്-4 നിലവാരത്തിലുള്ള ഡീസൽ വാഹനങ്ങളെയും നിരത്തിലിറക്കാൻ അനുവദിക്കില്ല. ഡൽഹിക്ക് പുറത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ട്രക്കുകൾ, ലഘു വാണിജ്യ വാഹനങ്ങൾ എന്നിവയേയും ഡൽഹി തലസ്ഥാന മേഖലയിലേക്ക് പ്രവേശിക്കുന്നത് തടയും. അവശ്യസാധനങ്ങളുമായി വരുന്ന വാഹനങ്ങൾക്ക് മാത്രമേ ഇളവനുവദിക്കൂ.

എല്ലാ ക്ലാസുകളിലും പഠനം ഓൺലൈനിലേക്ക് മാറ്റണമെന്നതാണ് നിയന്ത്രണങ്ങളിൽ പ്രധാനപ്പെട്ടത്. ഇതിൽ 10, 12 ക്ലാസുകളിൽ പഠിക്കുന്നവർക്ക് മാത്രമായിരിക്കും ഓഫ്ലൈൻ ക്ലാസുകളുണ്ടാകുക. ഇതിന് പുറമെ എല്ലാ പൊതു-സ്വകാര്യ സ്ഥാപനങ്ങളുടെയും പ്രവർത്തനം ഭാഗികമായി കുറയ്ക്കും. ഒരുദിവസം പാതി ജീവനക്കാർ മാത്രമേ ജോലിക്കെത്താവൂ എന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. മറ്റുള്ളവർ സാധ്യമെങ്കിൽ ഓൺലൈൻ ആയി ജോലി ചെയ്യണം. ഇതിന് പുറമെ സംസ്ഥാനത്തെ അത്യാവശ്യമല്ലാത്ത എല്ലാ വാണിജ്യ സ്ഥാപനങ്ങളെക്കൂടി അനിശ്ചിത കാലത്തേക്ക് അടച്ചിടിക്കാൻ സംസ്ഥാന സർക്കാർ ആലോചിക്കുന്നുണ്ട്.

ഒരു നാട് മുഴുവൻ ഒലിച്ചു പോയില്ലെന്ന് മുരളീധരൻ, 'മലയാളികളോട് മാപ്പ് പറയണം'

തിരു : മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തെ നിസാരവത്കരിച്ച മുൻ കേന്ദ്രമന്ത്രിയും ബിജെപി നേതാവുമായ വി മുരളീധരനെതിരെ പ്രതിഷേധം ശക്തമാകുന്നു. വയനാട്ടിൽ ഒരു നാട് മുഴുവൻ ഒലിച്ചു പോയെന്ന് പറയുന്നത് ശരിയല്ല, രണ്ട് പഞ്ചായത്തിലെ മൂന്ന് വാർഡുകൾ മാത്രമാണ് ഉരുൾപ്പൊട്ടലിൽ നശിച്ചത്. വൈകാരികമായി സംസാരിക്കുന്നതിൽ അർത്ഥമില്ലെന്നും വി മുരളീധരൻ പറഞ്ഞിരുന്നു.

മുൻ കേന്ദ്രമന്ത്രി കൂടിയായ ഒരു നേതാവ് ഇങ്ങനെ ഒരു പ്രസ്താവന നടത്തിയതിൽ വലിയ പ്രതിഷേധമാണ് ഉയരുന്നത്. മുരളീധരൻ മലയാളികളോട് മാപ്പ് പറയണമെന്ന് എൽഡിഎഫും കോൺഗ്രസും ആവശ്യപ്പെട്ടു. ബിജെപിയുടെ തനിനിറം പുറത്തായെന്ന് ടി സിദ്ദിഖ് എംഎൽഎ പ്രതികരിച്ചു. ദുരന്തബാധിതരെ അപമാനിക്കുന്ന നിലപാട് അനുവദിക്കാനാവില്ലെന്നും ഏറ്റവും വലിയ ദുരന്തമാണ് ഉണ്ടായതെന്നും സിപിഎം നേതാവ് സികെ ശശീന്ദ്രൻ പറഞ്ഞു.

അതേസമയം, മുണ്ടക്കൈ, ചൂരൽമല, ദുരന്തം ദേശീയ ദുരന്തമായി പ്രഖ്യാപിക്കാത്തതിലും, ദുരന്തബാധിതരോട് കേന്ദ്ര കേരള സർക്കാറുകൾ കാണിക്കുന്ന അവഗണനയിലും പ്രതിഷേധിച്ച് ഇന്ന് യുഡിഎഫ് വയനാട് ജില്ലാ കമ്മിറ്റി ആഹ്വാനം ചെയ്ത ഹർത്താൽ പുരോഗമിക്കുകയാണ്.

ബലാത്സംഗക്കേസ്: സിദ്ദിഖിന് സുപ്രീംകോടതിയിൽ നിന്ന് മുൻകൂർ ജാമ്യം

ന്യൂ ഡൽഹി : ബലാത്സംഗ കേസിൽ ചലച്ചിത്ര താരം സിദ്ദിഖിന് സുപ്രീം കോടതി മുൻകൂർ ജാമ്യം അനുവദിച്ചു. ബലാത്സംഗ കേസിൽ സിദ്ദിഖിനെ അറസ്റ്റ് ചെയ്താൽ വിചാരണ കോടതിയിൽ ഹാജരാക്കണം എന്ന് സുപ്രീം കോടതി നിർദേശിച്ചു. വിചാരണ കോടതി സിദ്ദിഖിന് ജാമ്യം അനുവദിക്കണം. ജാമ്യ വ്യവസ്ഥ വിചാരണ കോടതിക്ക് തീരുമാനിക്കാമെന്ന് സുപ്രീം കോടതി വ്യക്തമാക്കി. സിദ്ദിഖ് പാസ്പോർട്ട് വിചാരണ കോടതിക്ക് കൈമാറണം എന്നും സുപ്രീം കോടതി നിർദേശിച്ചു. അതെ സമയം ജാമ്യ വ്യവസ്ഥ സുപ്രീം കോടതി നിർദേശിക്കണം എന്ന സംസ്ഥാന സർക്കാരിന്റെ ആവശ്യം ജസ്റ്റിസ് മാരായ ബേല എം ത്രിവേദി, സതീഷ് ചന്ദ്ര ശർമ്മ എന്നിവർ അങ്ങീകരിച്ചു. ദുരന്തബാധിതരെ അപമാനിക്കുന്ന നിലപാട് അനുവദിക്കാനാവില്ലെന്നും ഏറ്റവും വലിയ ദുരന്തമാണ് ഉണ്ടായതെന്നും സിപിഎം നേതാവ് സികെ ശശീന്ദ്രൻ പറഞ്ഞു.

അതേസമയം, മുണ്ടക്കൈ, ചൂരൽമല, ദുരന്തം ദേശീയ ദുരന്തമായി പ്രഖ്യാപിക്കാത്തതിലും, ദുരന്തബാധിതരോട് കേന്ദ്ര കേരള സർക്കാറുകൾ കാണിക്കുന്ന അവഗണനയിലും പ്രതിഷേധിച്ച് ഇന്ന് യുഡിഎഫ് വയനാട് ജില്ലാ കമ്മിറ്റി ആഹ്വാനം ചെയ്ത ഹർത്താൽ പുരോഗമിക്കുകയാണ്.

സുപ്രീം കോടതി സിദ്ദിഖിന് മുൻകൂർ ജാമ്യം അനുവദിച്ചാൽ പരാതിക്കാരി കേസിൽ നിന്ന് പിന്മാറാൻ സാധ്യത ഉണ്ടെന്ന് വ്യക്തമാക്കി അന്വേഷണ ഉദ്യോഗസ്ഥൻ നാർക്കോട്ടിക് സെൽ അസി. കമ്മീഷ്ണർ അജി ചന്ദ്രൻ നായർ സുപ്രീം കോടതിയിൽ ഫയൽ ചെയ്ത റിപ്പോർട്ട് രഞ്ജിത് കുമാർ കോടതിയുടെ ശ്രദ്ധയിൽ പെടുത്തി. മറ്റ് പലരും പരാതികളിൽ നിന്ന് പിന്മാറാൻ സാധ്യത ഉണ്ടെന്നും അദ്ദേഹം കോടതിയിൽ ചൂണ്ടിക്കാട്ടി. എന്നാൽ മുൻകൂർ ജാമ്യം അനുവദിക്കുന്നതിൽ നിന്ന് കോടതിയെ പിന്തിരിപ്പിക്കാൻ ഈ വാദത്തിന് ഒന്നും സാധിച്ചില്ല. സംസ്ഥാന സർക്കാരിന് വേണ്ടി സീനിയർ അഭിഭാഷകൻ രഞ്ജിത്ത് കുമാർ, സ്റ്റാന്റിംഗ് കോൺസൽ നിഷേ രാജൻ ഷൊങ്കർ എന്നിവരാണ് ഹാജരായത്,

പീഡന പരാതി ഫേസ്ബുക്കിലൂടെ ഉന്നയിക്കാൻ കാണിച്ച ധൈര്യം പോലിസിൽ പരാതി നൽകാൻ പരാതിക്കാരിക്ക് ഉണ്ടായില്ലേയെന്ന് സുപ്രീം കോടതി. ബലാത്സംഗ കേസിൽ ചലച്ചിത്ര താരം സിദ്ദിഖിന് സുപ്രീം കോടതി മുൻകൂർ ജാമ്യം അനുവദിച്ചതിന് ശേഷമായിരുന്നു കോടതിയുടെ പരാമർശം. പീഡന പരാതി നൽകാൻ പരാതിക്കാരി ഹേമ കമ്മിറ്റിയെ സമീപിച്ചിട്ടില്ലെന്നും മുൻകൂർ ജാമ്യം അനുവദിച്ച് കൊണ്ട് സുപ്രീം കോടതി ചൂണ്ടിക്കാട്ടി. സിദ്ദിഖിനെ കുറ്റ വിമുക്തൻ ആക്കിയിട്ടില്ലെന്നും, മുൻകൂർ ജാമ്യം അനുവദിക്കുക മാത്രമാണ് ചെയ്യുന്നത് എന്നും സുപ്രീം കോടതി വ്യക്തമാക്കി.

ഐ.ടിയിലും ഓട്ടോയിലും കുതിപ്പ്: നിക്ഷേപകർക്ക് നേട്ടം 6ലക്ഷം കോടി

മുംബൈ: ദൈർഘ്യമേറിയ നഷ്ടദിനങ്ങൾക്കൊടുവിൽ മികച്ച തിരിച്ചുവരവ് നടത്തി ഓഹരി സൂചികകൾ. സെൻസെക്സ് ആയിരത്തോളം പോയന്റ് ഉയർന്നു. നിഫ്റ്റിയാകട്ടെ 293 പോയന്റ് നേട്ടത്തിൽ 23,747 നിലവാരത്തിലെത്തി. ഐടി, ഓട്ടോ, എനർജി ഓഹരികളിലെ കുതിപ്പാണ് സൂചികകൾ നേട്ടമാക്കിയത്.

ഇതോടെ ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്ത മൊത്തം കമ്പനികളുടെ വിപണി മൂല്യം ആറ് ലക്ഷം കോടി രൂപ ഉയർന്ന് 435.08 ലക്ഷം കോടിയായി.

ഇൻഫോസിസ്, റിലയൻസ് ഇൻഡസ്ട്രീസ്, മഹീന്ദ്ര ആൻഡ് മഹീന്ദ്ര, എച്ച്ഡിഎഫ്സി ബാങ്ക്, ടിസിഎസ്, ടാറ്റ മോട്ടോഴ്സ് തുടങ്ങിയ ഓഹരികളാണ് പ്രധാനമായും നേട്ടമുണ്ടാക്കിയത്. സെക്ടറൽ സൂചികകളിലേറെയും നേട്ടത്തിലാണ്. പൊതുവെ ഏഷ്യൻ സൂചികകളിലെല്ലാം ഉണർവ് പ്രകടമായി. ഡോളർ സൂചികയിൽ നേരിയ ഇടിവുണ്ടായതും യുഎസിലെ കടപ്പത്ര ആദായത്തിൽ കുറവുണ്ടായതും വിപണികൾക്ക് അനുകൂലമായി. ജപ്പാന്റെ നിക്കിയും ദക്ഷിണ കൊറിയയുടെ കോസ്പിയും ഹോങ്കോങിന്റെ ഹാങ്സെങ്ങും നേട്ടത്തിലാണ്.

അതേസമയം, വിദേശ നിക്ഷേപകർ വില്പന തുടരുകയാണ്. കഴിഞ്ഞ ദിവസം 1,400 കോടി രൂപയുടെ അറ്റ വില്പനയാണ് അവർ നടത്തിയത്. ആഭ്യന്തര നിക്ഷേപ സ്ഥാപനങ്ങളാകട്ടെ 2,330 കോടിയുടെ നിക്ഷേപം നടത്തുകയും ചെയ്തു.വിദേശ നിക്ഷേപകർ വില്പന തുടരുന്നതും ദുർബലമായ വരുമാന വളർച്ചയും വിപണിയിൽ നേട്ടം നിലനിർത്തിയേക്കില്ലെന്നാണ് വിലയിരുത്തൽ.

ഇന്നും സ്വർണവില വർധിച്ചു

തൃശൂർ: സംസ്ഥാനത്ത് ഇന്നും സ്വർണവില വർദ്ധിച്ചു. സ്വർണവില 56000 കടന്നും കുതിക്കുകയാണ്. ഇന്ന് പവന് 560 രൂപയാണ് വർധിച്ചത്. 56,520 രൂപയാണ് ഒരു പവൻ സ്വർണത്തിന്റെ വില. ഗ്രാമിന് 70 രൂപയാണ് വർധിച്ചത്. 7065 രൂപയാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില.

ഇ.പി. ജയരാജന്റെ ആത്മകഥാവിവാദം: വിശദമായ അന്വേഷണം, രവി ഡി.സിയുടെ മൊഴി രേഖപ്പെടുത്തും

കൊച്ചി: ഇ.പി. ജയരാജന്റെ ആത്മകഥാ വിവാദത്തിൽ പോലീസ് വിശദമായ അന്വേഷണം നടത്തും. വിഷയത്തിൽ രവി ഡി.സിയുടെ മൊഴി രേഖപ്പെടുത്തും. ആത്മകഥ പ്രസിദ്ധീകരിക്കുന്നതുമായി ഈ.പി. ജയരാജനും ഡി.സി. ബുക്സും തമ്മിൽ കരാറുണ്ടോയെന്ന കാര്യവും പോലീസ് പരിശോധിക്കും.

ആത്മകഥ പ്രസിദ്ധീകരിക്കുന്നതിനുള്ള കരാറിനെ സംബന്ധിച്ച് ഡി.സി. ബുക്സിലെ രണ്ട് ജീവനക്കാരുടെ മൊഴി ഇതിനോടകം പോലീസ് രേഖപ്പെടുത്തിയിട്ടുണ്ട്. കരാറുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങൾ തങ്ങൾക്കറിയില്ലെന്ന മൊഴിയാണ് ഈ ജീവനക്കാർ നൽകിയതെന്നാണ് വിവരം. രവി ഡി.സിയിൽ നിന്ന് ഇതുസംബന്ധിച്ച കൂടുതൽ വിശദീകരണം തേടാനാണ് പോലീസിന്റെ തീരുമാനം.

പുസ്തകത്തിന്റെ 178 പേജുകളുടെ പി.ഡി.എഫ്. ഏതുവിധത്തിലാണ് പുറത്തുപോയത് എന്നതാണ് ഇ.പി. ജയരാജൻ പ്രധാനമായും മുന്നോട്ടുവെച്ചിരിക്കുന്ന ചോദ്യം. അതിൽ ഗൂഢാലോചന നടന്നതായി സംശയിക്കുന്നതായും ഇ.പി. ജയരാജൻ പ്രതികരിച്ചിരുന്നു. പി.ഡി.എഫ്. ചോർന്നതിനേകുറിച്ചും പോലീസ് അന്വേഷണം നടത്തും. മാധ്യമപ്രവർത്തകരിൽ നിന്നടക്കം വിവരങ്ങൾ ശേഖരിക്കാനാണ് പോലീസ് ഒരുങ്ങുന്നത്. പി.ഡി.എഫ്. ആർക്കൊക്കെ എവിടെ നിന്ന് ലഭിച്ചു എന്നുള്ളത് കണ്ടെത്താനാണ് പോലീസ് ശ്രമിക്കുന്നത്.

ഇ.പി. ജയരാജന്റെ മൊഴിയും ഇക്കാര്യത്തിൽ നിർണായകമാണ്. മൊഴി നൽകാനായി ഇ.പി. ജയരാജൻ കൂടുതൽ സമയം തേടിയിട്ടുണ്ട്. വിഷയത്തിൽ ഒരു പ്രാഥമികാന്വേഷണമാണ് ഇപ്പോൾ നടക്കുന്നത്. ആത്മകഥാ വിവാദത്തിൽ ഇ.പി. ജയരാജൻ ഡി.ജി.പിയ്ക്ക് പരാതി നൽകിയിരുന്നു. പരാതിയിൽ അന്വേഷണം.ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പിക്ക് കൈമാറിയിരിക്കുകയാണ്. തനിക്കെതിരേ ഗൂഢാലോചന നടത്തി, തെറ്റായ വിവരങ്ങൾ പ്രചരിപ്പിച്ചു എന്നാണ് ഇ.പി. ജയരാജൻ ഇ-മെയിൽ വഴി നൽകിയ പരാതിയിൽ പറയുന്നത്.

വിവാദത്തിനു പിന്നാലെ ഇ.പി. ജയരാജൻ ഡി.സി. ബുക്സിന് വക്കീൽ നോട്ടീസ് അയച്ചിരുന്നു. ആത്മകഥ ആർക്ക് പ്രസിദ്ധീകരണത്തിനു നൽകണമെന്ന ആലോചനയ്ക്കിടെ, സമൂഹത്തിൽ തെറ്റിദ്ധാരണ സൃഷ്ടിക്കാനും തന്റെ കക്ഷിയെ തേജോവധംചെയ്യാനും ഉദ്ദേശിച്ചാണ് ഡി.സി. ബുക്സ് വിവരങ്ങൾ പ്രസിദ്ധീകരിച്ചതെന്ന് നോട്ടീസിൽ പറയുന്നു. ഡി.സി. ബുക്സ് പുറത്തുവിട്ട എല്ലാ പോസ്റ്റുകളും ആത്മകഥാഭാഗങ്ങളും പിൻവലിച്ച് നിർവ്യാജം ഖേദപ്രകടനം നടത്തണമെന്നും ആവശ്യമുണ്ട്.

മാവോയിസ്റ്റ് കമാൻഡർ വിക്രം ഗൗഡ കൊല്ലപ്പെട്ടു, മരിച്ചത് നിലമ്പൂർ ഏറ്റുമുട്ടലിൽ നിന്ന് രക്ഷപ്പെട്ട നേതാവ്

ബംഗളൂരു: മാവോയിസ്റ്റ് നേതാവ് വിക്രം ഗൗഡ കൊല്ലപ്പെട്ടു. കർണാടകയിൽ പൊലീസും മാവോയിസ്റ്റുകളും തമ്മിലുണ്ടായ ഏറ്റുമുട്ടലിലാണ് മരണം. ചിക്കമംഗളൂരു- ഉഡുപ്പി അതിർത്തിയിലുള്ള സീതംബിലു വനമേഖലയിൽ ഇന്നലെയാണ് കനത്ത ഏറ്റുമുട്ടലുണ്ടായത്.

ദക്ഷിണേന്ത്യയിലെ പ്രധാന മാവോയിസ്റ്റ് നേതാവാണ് മാവോയിസ്റ്റ് മിലിറ്ററി ഓപ്പറേഷൻസ് മേധാവി കൂടിയായ ഗൗഡ. ശൃംഗേരി, നരസിംഹരാജപുര, കാർക്കള, ഉഡുപ്പി തുടങ്ങിയ മേഖലകളിൽ ഗൗഡയുടെ സാന്നിദ്ധ്യം അടുത്ത ദിവസങ്ങളിലായുണ്ടായിരുന്നു. ഈ പ്രദേശങ്ങളിൽ മാവോയിസ്റ്റ് പ്രവർത്തനങ്ങൾ വർദ്ധിക്കുന്നതായും റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. 2016ലെ നിലമ്പൂർ ഏറ്റുമുട്ടലിൽ നിന്ന് രക്ഷപ്പെട്ട മാവോയിസ്റ്റ് കമാൻഡറാണ് വിക്രം ഗൗഡ.

വിജയലക്ഷ്മിയെ കൊന്ന് കുഴിച്ചുമൂടിയെന്ന് പ്രതിയുടെ മൊഴി, മൃതദേഹം കണ്ടെത്തി

ആലപ്പുഴ: കരുനാഗപ്പള്ളിയിൽനിന്ന് കാണാതായ വിജയലക്ഷ്മിയെ (48) സുഹൃത്തായ 50കാരൻ കൊന്ന് കുഴിച്ചുമൂടിയതായി സ്ഥിരീകരണം. ഇരുവരും തമ്മിലുണ്ടായ വാക്കുതർക്കം കൊലപാതകത്തിൽ കലാശിക്കുകയായിരുന്നു എന്നാണ് വിവരം. സുഹൃത്തായ അമ്പലപ്പുഴ കരൂർ സ്വദേശി ജയചന്ദ്രനെ പോലീസ് 3 ദിവസം മുൻപ് കസ്റ്റഡിയിലെടുത്തിരുന്നു. തുടർന്ന് നടത്തിവന്ന ചോദ്യം ചെയ്യലിലാണ് ഇയാൾ കുറ്റസമ്മതം നടത്തിയതെന്നാണ് പോലീസിൽനിന്ന് ലഭ്യമായ വിവരം. ജയചന്ദ്രന്റെ വീട്ടിൽനിന്ന് മൃതദേഹം പോലീസ് കണ്ടെത്തി

നവംബർ 10നാണ് വിജയലക്ഷ്മിയെ കാണാനില്ലെന്ന് സഹോദരി പോലീസിൽ പരാതി നൽകിയത്. ഇവർ ഭർത്താവുമായി അകന്നുകഴിയുകയായിരുന്നു. പരാതിയെ തുടർന്ന് പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ചെയ്തു.

അതിനിടെ എറണാകുളം പോലീസിന് വിജയക്ഷ്മിയുടെ മൊബൈൽ ഫോൺ കളഞ്ഞുകിട്ടി. ഈ ഫോൺ കേന്ദ്രീകരിച്ച് നടത്തിയ അന്വേഷണത്തിലാണ് ഇവരുമായി നിരന്തരം ഫോണിൽ ബന്ധപ്പെട്ടിരുന്ന ജയചന്ദ്രനെ പോലീസ് കസ്റ്റഡിയിലെടുത്തു. ഇയാളും വിജയലക്ഷ്മിയും തമ്മിൽ അടുപ്പമായിരുന്നു എന്നാണ് പ്രാഥമിക വിവരം. രണ്ടുമക്കളുടെ മാതാവാണ് വിജയലക്ഷ്മി. ജയചന്ദ്രന് ഭാര്യയും മകനുമുണ്ട്.

തൂങ്ങിമരിച്ചു

ഇരിങ്ങാലക്കുട: വേളൂക്കര കല്ലിക്കാട്ട് വീട്ടിൽ ഗംഗാധരൻ മകൻ രവീന്ദ്രബാബു (63) വീടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടു. ഇന്ത്യൻ കോഫി ഹൗസിൽ മുൻ മാനേജരാണ്.

സീനിയർ ജേർണലിസ്റ്റ് ഫോറം കേരള 12-ാം സംസ്ഥാന സമ്മേളനം നവം. 22, 23, 24 തിയ്യതികളിൽ

തൃശൂർ: സീനിയർ ജേർണലിസ്റ്റ് ഫോറം കേരള 12-ാം സംസ്ഥാന സമ്മേളനം നവം. 22, 23, 24 തിയ്യതികളിൽ കേരള സാഹിത്യ അക്കാദമി ഹാളിൽ നടക്കും. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 300 പ്രതിനിധികൾ പങ്കെടുക്കും. സമ്മേളനത്തോടനുബന്ധിച്ച് വാർത്താചിത്ര പ്രദർശനം, മാധ്യമ സെമിനാർ, വെബ് സൈറ്റ് ഉദ്ഘാടനം, പുസ്തക പ്രകാശനം, കലാസന്ധ്യ തുടങ്ങിയ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്.

സ്വാഗതസംഘം ചെയർമാൻ മേയർ എം കെ വർഗ്ഗീസ്, ജന. കൺവീനർ എൻ. ശ്രീകുമാർ, സംസ്ഥാന പ്രസിഡണ്ട് എ. മാധവൻ, സെക്രട്ടറി കെ പി വിജയകുമാർ, വർക്കിംഗ് ചെയർമാൻ അലക്സാണ്ടർ സാം, ജില്ലാ പ്രസിഡണ്ട് ബാലകൃഷ്ണൻ കുന്നമ്പത്ത്, ജില്ലാ സെക്രട്ടറി ജോയ് മണ്ണൂർ എന്നിവർ വാർത്താസമ്മേളനത്തിൽ പരിപാടികൾ വിശദീകരിച്ചു.

വെള്ളിയാഴ്ച വൈകീട്ട് 3.30ന് എ ആർ ജോൺസൺ നഗറിൽ വാർത്താചിത്ര പ്രദർശനം. പത്മശ്രീ കലാമണ്ഡലം ഗോപി ഉദ്ഘാടനം ചെയ്യും. ഇ എസ് സുഭാഷ് ആധ്യക്ഷം വഹിക്കും. ശനിയാഴ്ച 12 മണിക്ക് പി അരവിന്ദാക്ഷൻ നഗറിൽ അലക്സാണ്ടർ സാം പതാക ഉയർത്തും. തുടർന്ന് മാധ്യമ സെമിനാർ. വിഷയം-മാധ്യമ ശക്തി. ജസ്റ്റിസ് ദേവൻ രാമചന്ദ്രനാണ് ഉദ്ഘാടകൻ. മോഡറേറ്റർ എൻ. ശ്രീകുമാർ. ഡോ. കെ എസ് രാധാകൃഷ്ണൻ, രാജാജി മാത്യു തോമസ്, എൻ പി ചേക്കുട്ടി, പി പി അബൂബക്കർ, എം വി വിനീത, എം സരിതാവർമ്മ, ജോർജ്ജ് പൊടിപ്പാറ എന്നിവർ സംവാദം നടത്തും. ജോയ് മണ്ണൂർ സ്വാഗതവും ഡോ. ടി വി മുഹമ്മദലി നന്ദിയും പറയും. വൈകീട്ട് 5ന് നടക്കുന്ന ഉദ്ഘാടന സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. എ മാധവൻ ആധ്യക്ഷം വഹിക്കും. മന്ത്രിമാരായ കെ രാജൻ, ഡോ. ആർ ബിന്ദു എന്നിവർ മുഖ്യാതിഥികളായിരിക്കും. എം പി മാരായ കെ രാധാകൃഷ്ണൻ, അഡ്വ. ബെന്നി ബെഹനാൻ, പി ബാലചന്ദ്രൻ എം എൽ എ, വി എസ് പ്രിൻസ്, വർഗ്ഗീസ് കണ്ടംകുളത്തി, കെ പി രെജി എന്നിവർ ആശംസകൾ നേരും. മേയർ എം കെ വർഗ്ഗീസ് സ്വാഗതവും ഫ്രാങ്കോ ലൂയിസ് നന്ദിയും പറയും. തുടർന്ന് 8 മണിക്ക് എഴുത്തച്ഛൻ ഹാളിലെ കെ ഡി ജോസഫ് നഗറിൽ കലാസന്ധ്യ നടക്കും.

ഞായറാഴ്ച രാവിലെ 9 മണിക്ക് പി പങ്കജാക്ഷൻ നഗറിൽ പ്രതിനിധി സമ്മേളനം നടക്കും. എ മാധവന്റെ അധ്യക്ഷതയിൽ ചേരുന്ന ചടങ്ങ് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ഉദ്ഘാടനം നടത്തും. തുടർന്ന് ഭാരവാഹികളുടെ തെരഞ്ഞെടുപ്പാണ്.

3 മണിക്ക് ചേരുന്ന സമാപന സമ്മേളനം തേറമ്പിൽ രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. പുതിയ സംസ്ഥാന പ്രസിഡണ്ട് ആധ്യക്ഷം വഹിക്കും. ഡോ. നടുവട്ടം സത്യശീലൻ, വി ആർ സന്തോഷ്, സി എച്ച് റഷീദ് എന്നിവർ ആശംസകൾ നേരും.

വി സുരേന്ദ്രൻ സ്വാഗതവും സ്വാഗതം പറയും. ചടങ്ങിൽ 80 കഴിഞ്ഞവരെ മുൻമന്ത്രി എ സി മൊയ്തീൻ ആദരിക്കും. അംഗങ്ങളുടെ പുസ്തക പ്രകാശനം പി എൻ ഗോപീകൃഷ്ണനും പുസ്തകങ്ങൾ പരിചയപ്പെടുത്തൽ സണ്ണി ജോസഫും നിർവ്വഹിക്കും.

ആശ്രിത പെൻഷൻ മുതിർന്ന പത്ര പ്രവർത്തകർക്ക് നൽകുന്നതിന്റെ പകുതിയാക്കി ഉയർത്തണമെന്നും പി എഫ് മിനിമം പ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഗുരുവായൂർ ശ്രീഗോകുലം പബ്ലിക് സ്കൂളിലെ ഹിന്ദുസ്ഥാൻ സ്കൗട്ട് യുണിറ്റ് 24 കേരള ബറ്റാലിയൻ എൻ.സി.സി ഓഫിസർ മേജർ പി.ജെ. സ്റ്റൈജു ഉദ്ഘാടനം ചെയ്യുന്നു. ഹിന്ദുസ്ഥാൻ സ്കൗട്ട് സംസ്ഥാന കമ്മീഷണർ മുഹമ്മദ് സഹൽ, പ്രിൻസിപ്പാൾ കെ.പി. ശ്രീജിത്ത് എന്നിവർ സമീപം.

സൗജന്യ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു

തൃശൂർ: ലൂർദ്ദ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ വോയ്സും, തൃശൂർ ഐ. എം. എയും സംയുക്തമായി നടത്തിയ മൂന്നാം സൗജന്യ മെഡിക്കൽ ചികിത്സാ ക്യാമ്പ് ഡോ. എഡ്വിൻ ജെ. രോഗ നിർണ്ണയം നടത്തി കൊണ്ട് ഉദ്ഘാടനം ചെയ്തു. കത്തീഡ്രൽ വികാരി റവ. ഫാ. ഡേവീസ് പുലിക്കോട്ടിൽ അദ്ധ്യക്ഷത വഹിച്ചു സംസാരിച്ചു. ഡോ ജോബി കാക്കശ്ശേരി സ്വാഗതമാശംസിച്ചു. കത്തീഡ്രൽ നടത്തു കൈക്കാരൻ തോമസ് കോനിക്കര, ഡോ. ജോസഫ് ജോർജ്ജ് എന്നിവർ ആശംസ നേർന്ന് പ്രസംഗിച്ചു. ഡോ. ശ്യാം ശങ്കർ, ഡോ. എ. സി. രഘു എന്നിവർ രോഗനിർണയ ചർച്ചാ ക്ലാസുകൾക്ക് നേതൃത്വം നൽകി. ജനറൽ കൺവീനർ സോണി കവലക്കാട്ട് കൃതജ്ഞത രേഖപ്പെടുത്തി. നാലാമത്തെ ക്യാമ്പ് ഡിസംബർ 15 നാണെന്നും അദ്ദേഹം അറിയിച്ചു.

കത്തീഡ്രൽ കൈക്കാരന്മാർ, പ്രൊഫ. കെ. എം. ഫ്രാൻസീസ്, ബോബി ചിറക്കേക്കാരൻ, ജോസ് വാഴപ്പിള്ളി, അൽഫോൺസാ സിംസൺ, പോൾ മേയ്ക്കാട്ടുകുളം, ജോഷി ചിറമ്മൽ തുടങ്ങിയവർ ക്യാമ്പിന് നേതൃത്വം നൽകി.

സമ്മാനദാനം

കൊടുങ്ങല്ലൂർ: അൽ ഫിത്റ ഇസ്ലാമിക് സ്കൂളിന്റെ ആർട്സ് ആൻഡ് സ്പോർട്സിന്റെ മത്സര വിജയികൾക്കുള്ള സമ്മാനദാനം എസ് എൻ പുരം പഞ്ചായത്ത് പ്രസിഡന്റ് എം. എസ് മോഹനൻ ഉദ്ഘാടനം നിർവഹിച്ചു. പി ടി എ പ്രസിഡണ്ട് ടി എം ഷിയാസ് അധ്യക്ഷതവഹിച്ച യോഗത്തിൽ മാനേജിംഗ് ഡയറക്ടർ മുഹമ്മദ് ഹബീബ്, സൽമ അൻ വാരിയ്യ, അൽഫിത്റ സ്കൂൾ ചെയർമാൻ എഞ്ചിനീയർ അബ്ദുള്ള, വാർഡ് മെമ്പർ നൗഷാദ് എന്നിവർ ആശംസകൾ നേരുകയും മാനേജർ ഗക അബ്ദുസ്സലാം നന്ദി പറയുകയും ചെയ്തു

അജ്മീർ ഉറൂസ് 2025

തൊഴിയൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന അജ്മീർ ഖാജ ഫൗണ്ടേഷന്റെ കീഴിൽ സംഘടിപ്പിക്കുന്ന പത്താമത് അജ്മീർ ഉറൂസ് 2025 ജനുവരി 18,19 ശനി ഞായർ തിയ്യതികളിലായിവിപുലമായപരിപാടികളോടെ ഖാജ നഗറിൽ വെച്ചു നടക്കും.

കോടികയറ്റം, മഖാമീ സിയാറത്ത്, ഖത്തമുൽ കുർആൻ, പഠന ക്ലാസ്, മൗലിദ് സദസ്സ് അന്നദാനം തുടങ്ങിയ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്.

ഉറൂസിന്റെ വിജയകരമായ നടത്തിപ്പിന് വേണ്ടി 51 അംഗങ്ങളുടെ സ്വാഗതസംഘം രൂപീകരിച്ചു.ഫൗണ്ടേഷൻ പ്രസിഡണ്ട് മുഹമ്മദ് ഹാജിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽസ്വാഗതസംഘം ചെയർമാനായി വി കെ റഫീഖ് മാസ്റ്ററെയും കൺവീനറായി

ഉ്യ ഗഢ.സെയ്തു മുഹമ്മദ് ഹാജിയെയും തിരഞ്ഞെടുത്തു.ഷ്. ങ. നജീബ് മാസ്റ്റർ, കെ വി റസാഖ് ഹാജി, ഹസൻ മണ്ണാങ്കുളം, ജ. അ.അബു, എ പി മുഹമ്മദ് ഹാജി തുടങ്ങിയവർ സംസാരിച്ചു. വികെ ഫൈസൽ മാസ്റ്റർ സ്വാഗതവും മുസ്തഫ പൊന്നെത്ത് നന്ദിയും പറഞ്ഞു

നാഷ്ണൽ ലോക് അദാലത്ത് ഡിസംബർ 14ന്

തൃശൂർ: കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന നാഷണൽ ലോകഅദാലത്ത്14-12 2014 നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ഹൈക്കോടതി, ജില്ലാ കോടതി, എം എ സി ടി, സബ് കോടതി, മുൻസിഫ് കോടതി, മജിസ്ട്രേറ്റ് കോടതി എന്നിവിടങ്ങളിൽ നിലവിലുള്ള കേസുകളും കോടതിയിൽ എത്താത്ത തർക്കങ്ങളും അദാലത്തിൽ പരിഗണിക്കാവുന്നതാണ്. കോടതിയിൽ എത്താത്ത തർക്കങ്ങളും പരാതികളും അദാലത്തിൽ പരിഗണിക്കപ്പെടാൻ ബന്ധപ്പെട്ട പരാതിക്കാർക്ക് തൃശ്ശൂർ ജില്ല നിയമന സേവന അതോറിറ്റിയെ സമീപിക്കാവുന്നതാണ്.

നിലവിലുള്ള സാഹചര്യത്തിൽ തീർപ്പാക്കാൻ കൂടുതൽ സാധ്യതയുള്ള കേസുകൾ, മോട്ടോർ ആക്സിഡന്റ് കേസുകൾ, സിവിൽ കേസുകൾ, ഇലക്ട്രിസിറ്റി ആറ്റുമായി ബന്ധപ്പെട്ട വിഷയങ്ങൾ, കുടുംബ തർക്കങ്ങൾ (ഡിവോഴ്സ് ഒഴികെ), ചെക്ക് കേസുകൾ, രജിസ്ട്രേഷൻ നടപടിയുമായി ബന്ധപ്പെട്ട കേസുകൾ, ബാങ്ക് ലോൺ റിക്കവറി കേസുകൾ, ലേബർ ഡിസ്പ്യൂട്സ് കോമ്പൗണ്ടിൾ ക്രിമിനൽ കേസുകൾ എന്നിവയാണ് അദാലത്തിൽ പരിഗണിക്കുന്നത് ഫോൺ-04872363770

പാറേമ്പാടത്ത് ശബരിമല തീർത്ഥാടകരുടെ ബസ്സ്മറിഞ്ഞു; 3 പേർക്ക്പരിക്ക്

കുന്നംകുളം : കുന്നംകുളം - പാറേമ്പാടത്ത് ശബരിമല തീർത്ഥാടകർ സഞ്ചരിച്ചിരുന്ന മിനി ബസ് മറിഞ്ഞ് അപകടം. അപകടത്തിൽ മൂന്നുപേർക്ക് പരിക്കേറ്റു. ഇന്ന് പുലർച്ചെ അഞ്ചരയോടെയാണ് അപകടമുണ്ടായത്. കർണാടകയിൽ നിന്നും വന്നിരുന്ന ബസ്സാണ് അപകടത്തിൽപ്പെട്ടത്.

പാറേമ്പാടത്ത് നിയന്ത്രണം വിട്ട ബസ് ഇടതുവശത്തെ പാടത്തേക്ക് മറിയുകയായിരുന്നു. പരിക്കേറ്റ മൂന്നുപേരെയും കുന്നംകുളം താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. പരിക്ക് ഗുരുതരമല്ല.ഗുരുവായൂരിലേക്ക് പോകുകയായിരുന്നു തീർത്ഥാടകർ. കുന്നംകുളം പോലീസും ഫയർഫോഴ്സും സ്ഥലത്തെത്തി.

റോഡ് സുരക്ഷ ക്ലാസ്സ്, ഹെൽമെറ്റ് പരിശോധന നടത്തി

അവിട്ടത്തൂർ : ലാൽ ബഹാദൂർ ശാസ്ത്രി മെമ്മോറിയൽ ഹയർ സെക്കണ്ടറി സ്കൂളിലെ സ്കൗട്ട് വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷ, ഹെൽമറ്റ് ധരിക്കൽ എന്നിവയെക്കുറിച്ച് ആളൂർ പോലീസ് സ്റ്റേഷനിലെ എസ്.ഐ. സുബിൻദ് അവബോധനം നൽകി. മാനേജ്മെന്റ് കമ്മറ്റി അംഗങ്ങളായ എ.സി. സുരേഷ് , കെ.കെ. കൃഷ്ണൻ നമ്പൂതിരി , സൗക്ട്ട് ക്യാപ്റ്റൻ ബിബി പി.എൽ. , സുപ്രിയ വാരിയർ എന്നിവർ പങ്കെടുത്തു. തുടർന്ന് സ്കൂളിന് മുന്നിൽ സ്കൗട്ട് വിദ്യാർത്ഥികൾക്കൊപ്പം ഹെൽമറ്റ് പരിശോധന നടത്തി.

ഏകദിന വർക്ക്ഷോപ്പ് സംഘടിപ്പിച്ചു

ഇരിങ്ങാലക്കുട: സെന്റ് ജോസഫ്സ് കോളജ് ഇംഗ്ലീഷ് വിഭാഗം ഇന്റർ നാഷണൽ സ്ട്രെസ് അവെയർനെസ് ദിന (അന്തർദേശീയ സമർദ്ദ ബോധവൽക്കരണ ദിന)ത്തോടനുബന്ധിച്ച് ഏകദിനവർക്ക്ഷോപ്പ് സംഘടിപ്പിച്ചു. കോളജിൽ ആരംഭിച്ച ഫിറ്റ് ഫോർ ലൈഫ് എന്ന ആരോഗ്യസംരക്ഷണ പരിപാടിയുടെ ഭാഗമായാണ് വർക്ക്ഷോപ്പ് നടത്തിയത്. വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ഉപകരിക്കുന്ന വിവിധ ആരോഗ്യ സംരക്ഷണ വിഷയങ്ങൾ ഉൾപ്പെടുത്തിയുള്ള പരിപാടികൾക്കാണ് ഫിറ്റ് ഫോർ ലൈഫിലൂടെ കോളജ് നേതൃത്വം നൽകുന്നത്. വ്യക്തികളുടെ മാനസികവും (mental) വൈകാരികവും (emotional) മന:ശാസ്ത്രപരവും (Psychological) സാമൂഹ്യപരവുമായ (Social) ആരോഗ്യത്തെ മുൻ നിർത്തിയുള്ള വിവിധ പരിപാടികൾ കോളജിൽ ഒരുങ്ങുന്നുണ്ട്.

വിദ്യാർത്ഥികളിൽ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിനുള്ള വഴികൾ എന്ന വിഷയത്തിൽ സൈക്കോളജി വിഭാഗം മേധാവി ഡോ. രമ്യ ചിത്രൻ കെ.സി ക്ലാസ് നയിച്ചു. യോഗയിലൂടെ മാനസിക സമ്മർദ്ദം അകറ്റുന്നതെങ്ങനെയെന്ന് യോഗാ ട്രെയിനർ അനു വർഗീസ് ക്ലാസിൽ വിശദീകരിച്ചു.

തൊഴിൽ മേഖലയിലും പഠന മേഖലയിലും വ്യക്തികൾ അനുഭവിക്കുന്ന മാനസിക സമ്മർദ്ദം മനസിലാക്കാനും അതിന്റെ ആഘാതങ്ങൾ ചർച്ച ചെയ്യാനും സംഘടിപ്പിച്ച വർക്ക്ഷോപ്പിൽ പ്രിൻസിപ്പൽ ഡോ. സി. ബ്ലെസി അധ്യക്ഷത വഹിച്ചു. ഇംഗ്ലീഷ് വിഭാഗം മേധാവി ഡോ. വി. എസ് സുജിത, ഫിറ്റ് ഫോർ ലൈഫ് ജനറൽ കൺവീനർ ഡോ. സ്റ്റാലിൻ റാഫേൽ, ഫിറ്റ് ഫോർ ലൈഫ് പ്രോഗ്രാം കോർഡിനേറ്റർ ശ്രീമതി തുഷാര ഫിലിപ്പ് തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. പൊതുജനങ്ങൾക്കും ഉപകാരപ്രദമായ രീതിയിൽ വിപുലമായ ആരോഗ്യ- അവബോധ പരിപാടികൾക്ക് കോളജ് നേതൃത്വം നൽകുമെന്ന് ഡോ. സ്റ്റാലിൻ റാഫേൽ പറഞ്ഞു.

സ്വകാര്യ ബസ് പണിമുടക്ക് തുടരുന്നു

തൃശ്ശൂർ : തൃശൂർ - തൃപ്രയാർ - ഇരിങ്ങാലക്കുട - കൊടുങ്ങല്ലൂർ റൂട്ടിലോടുന്ന സ്വകാര്യ ബസുകളുടെ പണിമുടക്ക് തുടരുന്നു. ശക്തൻ സ്റ്റാഡിൽ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ഏർപ്പെടുത്തിയ നിയന്ത്രണങ്ങളിൽ പ്രതിഷേധിച്ചാണ് ബസ് ജീവനക്കാർ പണിമുടക്കുന്നത്. അപ്രതീക്ഷിതമായ പണിമുടക്കിൽ ഇന്നലെ ഒരു പാട് യാത്രക്കാരും വിദ്യാർത്ഥികളും ബുദ്ധിമുട്ടിലായി.

ക്ലോത്ത് പ്രോജക്ട്: കല്ലേറ്റുംകര ദിവ്യ കാരുണ്യ ആശ്രമത്തിലേക്കു വസ്ത്രങ്ങൾ വിതരണം ചെയ്തു

ഇരിങ്ങാലക്കുട: ലയൺസ് ക്ലബ്സ് ഇന്റർനാഷണൽ 318D യുടെ ക്ലോത്ത് ബാങ്ക് പ്രൊജക്റ്റ് പ്രകാരം ചാലക്കുടി ലയൺസ് ക്ലബ്ബിൽ നിന്നും സ്വീകരിച്ച വസ്ത്രങ്ങൾ ഇരിഞ്ഞാലക്കുട ടൗൺ ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ കല്ലേറ്റുംകര ദിവ്യ കാരുണ്യ ആശ്രമത്തിലേക്കു ഡിസ്ട്രിക്ട് ഗവണർ ലയൺ ജെയിംസ് പോൾ വളപ്പില PMJF ന്റെ സാന്നിധ്യത്തിൽ ക്ലോത്ത് ബാങ്ക് കോ-ഓർഡിനേറ്റർ ലയൺ പീതാംബരൻ രാമ്പത്ത്, ആശ്രമം ഭാരവാഹികളായ ജേക്കബ്, ജാൻസി എന്നിവർക്ക് വിതരണം ചെയ്തു.

ഇരിഞ്ഞാലക്കുട ടൗൺ ലയൺസ് ക്ലബ് പ്രസിഡന്റ് ലയൺ ഹരീഷ് പോൾ അധ്യക്ഷതവഹിച്ച ചടങ്ങിൽ സോൺ ചെയർപേഴ്സൺ ലയൺ അഡ്വ. നിധിൻ തോമസ് സ്വാഗതവും സെക്രട്ടറി ലയൺ ഡയസ്, ട്രഷറർ ലയൺ ടിന്റോ ജോസ്, വാടാനപള്ളി ലയൺസ് ക്ലബ്മുൻ പ്രസിഡന്റ് ലയൺ സിബി സുനിൽകുമാർ, മുൻ പ്രസിഡന്റ് ലയൺ പ്രവീഞ്ജിത് കെ പി എന്നിവർ നേതൃത്വം നൽകി.

സമന്വയം: ജില്ലാതല ഉദ്ഘാടനം ജനുവരി 2 ന്

തൃശൂർ: കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷന്റെയും കേരള നോളജ് ഇക്കോണമി മിഷന്റെയും സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന സമന്വയം (ന്യൂനപക്ഷ യുവജനങ്ങൾക്ക് ഒരു ലക്ഷം തൊഴിൽ അവസരങ്ങൾ) പദ്ധതിയുടെ തൃശ്ശൂർ ജില്ലാതല ഉദ്ഘാടനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ കമ്മീഷൻ അംഗം എ. സൈഫുദ്ദീനിന്റെ അധ്യക്ഷതയിൽ യോഗം ചേർന്നു.

സമന്വയം പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം 2025 ജനുവരി 2 ന് തൃശ്ശൂർ സെന്റ് തോമസ് കോളേജിലും മേഖലാതല രജിസ്ട്രേഷൻ ക്യാമ്പുകൾ, ഇരിഞ്ഞാലക്കുട, കൊടുങ്ങല്ലൂർ, ചാവക്കാട് എന്നിവിടങ്ങളിലും നടത്താൻ യോഗത്തിൽ തീരുമാനിച്ചു.

ജില്ലാതല ഉദ്ഘാടനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി എ.എം ഹാരിസ് ചെയർമാനായും, ഫാ. നൗജിൻ വിതയത്തിൽ ജനറൽ കൺവീനറായും സംഘാടക സമിതി രൂപീകരിച്ചു. ജില്ലാതല രജിസ്ട്രേഷൻ നടപടികൾ 2025 ഫെബ്രുവരിയോടെ പൂർത്തീകരിക്കും.

ജില്ലാ ന്യൂനപക്ഷ യുവജന പരിശീലനകേന്ദ്രം പ്രിൻസിപ്പാൾ ഡോ. കെ.കെ സുലൈഖ, കേരള നോളജ് ഇക്കോണമി മിഷൻ റീജിയണൽ പ്രോഗ്രാം മാനേജർ എം.എ സുമി, ജില്ലയിലെ വിവിധ ന്യൂനപക്ഷ സംഘടനാപ്രതിനിധികൾ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

കുറഞ്ഞത് ഹയർ സെക്കന്ററി വിദ്യാഭ്യാസ യോഗ്യതയുള്ള (ഐ.ടി.ഐ, പോളിടെക്നിക്ക് ഉൾപ്പെടെ) 18 നും 59 നും മദ്ധ്യേ പ്രായമുള്ള ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വൈജ്ഞാനിക/ തൊഴിൽ പരിചയവും നൈപുണ്യ പരിശീലനവും നൽകി യോഗ്യതകൾക്കനുസൃതമായി സ്വകാര്യ മേഖലയിൽ/ വിദേശ രാജ്യങ്ങളിൽ സ്വകാര്യ തൊഴിൽ ലഭ്യമാക്കുകയോ, ലഭ്യമാകുന്നതിനാവശ്യമായ തൊഴിൽ/ ഭാഷ പരിശീലനം നൽകുകയോ ആണ് 'സമന്വയം' പദ്ധതിയുടെ ലക്ഷ്യം.

കെ.ജെ.ഡാർവിനെ അഭിനന്ദിച്ചു

ഇരിങ്ങാലക്കുട: കുറ്റാന്വേഷണത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രിയുടെ അവാർഡ് കരസ്ഥമാക്കിയ ഇരിങ്ങാലക്കുട സ്വദേശിയായ ചെന്നൈ സി ബി ഐ യൂണിറ്റിലെ അഡീഷണൽ എസ് പി കെ.ജെ. ഡാർവിനെ മുൻ സർക്കാർ ചീഫ് വിപ് അഡ്വ. തോമസ് ഉണ്ണിയാടൻ ഭവനത്തിലെത്തി അഭിനന്ദിച്ചു. വിവാദമായ ഉണ്ണിത്താൻ വധശ്രമ കേസുകൾ ഉൾപ്പെടെ നിരവധി കേസുകൾ അന്വേഷിച്ച് പ്രതികളെ പിടികൂടിയ ഇദ്ദേഹം സി ബി ഐ യുടെ കൊച്ചി, തിരുവനന്തപുരം യൂണിറ്റിലും പ്രവർത്തിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന് നേരത്തെ രാഷ്ട്രപതിയുടെ അവാർഡ് ലഭിച്ചിട്ടുണ്ട്.

വാർത്താച്ചുരുക്കം

* തൃശ്ശൂർ മാനേജ്മെന്റ് അസ്സോസിയേഷൻ ഇ എസ് ജി സമഗ്ര ഉച്ചകോടി സംഘടിപ്പിക്കുന്നു. 21ന് ഹയാത്ത് റീജൻസിയിലാണ് പരിപാടി. പ്രമുഖ സാമ്പത്തിക വ്യവസായ പ്രമുഖർ പങ്കെടുക്കുമെന്ന് പ്രസിഡന്റ്. ടി. ആർ അനന്തരാമൻ അറിയിച്ചു.
* എക്സ് ബി എസ് എഫ് പേഴ്സണൽ വെൽഫെയർ അസ്സോസിയേഷൻ തൃശൂർ ജില്ലാ സമ്മേളനം 24ന് മുതുവറ സി. എൻ. സപ്തതി മന്ദിരത്തിൽ നടക്കും
* കുറ്റുമുക്ക് ശിവരഞ്ജിനി ബാലാജി കലാഭവൻ ഡാൻസ് തീയറ്റർ സ്കൂൾ വാർഷിക ആഘോഷം (ജാനകീയം) നടക്കും. 23ന് വൈകീട്ട് റീജ്യണൽ തീയറ്ററിലാണ് പരിപാടി.
* പുതുക്കാട് മേഖലയിൽ പ്രവർത്തിക്കുന്ന വർഗ്ഗീസ് എന്നയാളുടെ ശാന്തി കാറ്ററിംഗ് സ്ഥാപനത്തിനെതിരെ പ്രാദേശിക വാർത്താ ചാനൽ വ്യാജവാർത്ത നൽകിയതായി പരാതി. അന്വേഷണം നടത്തണമെന്ന് ഓൾ കേരള കാറ്ററേഴ്സ് അസ്സോസിയേഷൻ ജില്ലാ കമ്മിറ്റി ആവിശ്യപ്പെട്ടു.
* പാവർട്ടി സ്വാന്തന സ്പർശം പാലിയേറ്റീവ് കെയർ സൊസൈറ്റി ആരോഗ്യ മേഖലയിലെ പ്രവർത്തകർക്ക് വിവിധ പുരസ്ക്കാരങ്ങൾ നൽകുമെന്ന് ഭാരവാഹികൾ അറിയിച്ചു.
* പെരങ്ങോട്ടുകര ദേവസ്ഥാനം വിഷ്ണുമായ ക്ഷേത്രത്തിൽ സഹസ്രനാമ പഞ്ചരക്ഷാർച്ചന യജ്ഞം തുടങ്ങി. 24ന് സമാപിക്കും. പ്രമുഖ വൈദീക ശ്രേഷ്ഠർ പങ്കെടുക്കുന്നു നിരവധി അനുബന്ധ പരുപാടികളും ഉണ്ട്.
* സ്വകാര്യ ബസ്സുകൾക്ക് 140കിലോമീറ്റിന് മുകളിൽ സർവ്വീസ് നടത്താമെന്ന കോടതി ഉത്തരവ് നടപ്പാക്കണെമെന്ന് കേരള ബസ്സ് ട്രാൻസ്പോർട്ട് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി ആവിശ്യപ്പെട്ടു.
* ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേണ്ട് അക്കൗണ്ടൻസ് ഓഫ് ഇന്ത്യ തൃശൂർ ബ്രാഞ്ചിന്റെയും കേരള കോമേഴ്സ് ഫോറത്തിന്റെയും സംയുത്കാഭിമുഖ്യത്തിൽ രണ്ടാമത് കോമേഴ്സ് കാർണിവൽ നടന്നു. ചീയാരം ഐ സി എ ഐ ഭവനിലായിരുന്നു പരിപാടി.
* ജവഹർലാൽ നെഹ്റുവിന്റെ 135-ാം ജന്മദിനാചരണം കോൺഗ്രസ് കൂർക്കഞ്ചേരി മണ്ഡലം കമ്മിറ്റി വിവിധ പരിപാടികളോടെ കൊണ്ടാടി.
* സീതാറാം ആയുർവേദ ആശുപത്രിയും റിസർച്ച് ഫൗണ്ടേഷനും സംയുക്തമായി സൗജന്യ പ്രമേഹ പരിശോധ ക്യാമ്പ് നടത്തി.
* ശക്തൻ തമ്പുരാൻ നഗർ മാസ്റ്റർ പ്ലാൻ സജീവമാക്കുന്നതിനും തങ്ങളുടെ പരാതിക്ക് പരിഹാരം ഉണ്ടായതിലും തൃശൂർ എനാർക്ക് കൺസ്ട്രക്ഷൻസ് എം ഡി എനാർക്ക് രാമകൃഷ്ണൻ നന്ദി രേഖപ്പെടുത്തി.

15-ാമത് ദേശീയ പല്ലാവൂർ താളവാദ്യ മഹോൽസവം ഡിസം.3 മുതൽ 8 വരെ

തൃപ്പേക്കുളം പുരസ്കാരം പിണ്ടിയത്ത് ചന്ദ്രൻനായർക്കും ഗുരുസ്മൃതി പുരസ്കാരം പരയ്ക്കാട് തങ്കപ്പൻമാരാർക്കും

ഇരിങ്ങാലക്കുട : പല്ലാവൂർ അപ്പുമാരാർ സ്മാരകവാദ്യ ആസ്വാദകസമിതിയുടെ ഈ വർഷത്തെ തൃപ്പേക്കുളം പുരസ്കാരത്തിന് പിണ്ടിയത്ത് ചന്ദ്രൻനായരും പല്ലാവൂർ ഗുരുസ്മൃതി അവാർഡിന് പരയ്ക്കാട് തങ്കപ്പൻമാരാരും അർഹരായി. ഡിസംബർ 3 മുതൽ 8 വരെയായി ശ്രീകൂടൽമാണിക്യം ക്ഷേത്രം കിഴക്കേ ഗോപുര നടയിലെ പ്രത്യേക വേദിയിൽ നടക്കുന്ന പതിനഞ്ചാമത് പല്ലാവൂർ താളവാദ്യ മഹോൽസവം ഡിസംബർ 3 ന് വൈകീട്ട് 6 ന് സംഗീത നാടക അക്കാദമി ചെയർമാൻ മട്ടന്നൂർ ശങ്കരൻകുട്ടിമാരാർ ഉദ്ഘാടനം ചെയ്യുമെന്ന് സമിതി പ്രസിഡണ്ട് കലാനിലയം ഉദയൻ നമ്പൂതിരി, സെക്രട്ടറി കണ്ണമ്പിള്ളി ഗോപകുമാർ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു. പത്മജ്യോതി പുരസ്കാരങ്ങൾ പ്രിയദർശിനി ഗോവിന്ദ്, കലൈമാമണി നെല്ലയ്ഡി കണ്ണൻ,കുഴൂർ വിജയൻ മാരാർ, കാവശ്ശേരി കുട്ടികൃഷ്ണപിഷാരടി എന്നിവർക്കും സമർപ്പിക്കും. അനുസ്മരണ പ്രഭാഷണം, സമർപ്പണ സദസ്സ്, തായമ്പക, മദ്ദളകേളി, കൊമ്പ് പറ്റ്, കുഴൽപറ്റ്, സോപാന സംഗീതം, ഗുരുപൂജ എന്നീ പരിപാടികളും ഇതോടനുബന്ധിച്ച് നടക്കും.

പ്രോഗ്രാം കോ-ഓർഡിനേറ്റർമാരായ മൂർക്കനാട് ദിനേശൻ, പി എ അനിൽകുമാർ, ജൂറി അംഗങ്ങളായ സന്ദീപ് മാരാർ, കെ എസ് സുദാമൻ, വി കലാധരൻ എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു.

കേരള ലോകായുക്ത സിറ്റിങ് 21 ന്

കേരള ലോകായുക്ത ജസ്റ്റിസ് എൻ. അനിൽകുമാറിന്റെ നേതൃത്വത്തിൽ നവംബർ 21 ന് രാവിലെ 11 ന് തൃശ്ശൂർ ഗവ. ഗസ്റ്റ്ഹൗസ് കോൺഫറൻസ് ഹാളിൽ ക്യാമ്പ് സിറ്റിങ് നടത്തും. സിറ്റിങ്ങിൽ നിശ്ചിത ഫോറത്തിലുള്ള പുതിയ പരാതികൾ സ്വീകരിക്കും.

ഭരണഭാഷ-മാതൃഭാഷ

തൃശൂർ: ലൈബ്രറി കൗൺസിൽ തൃശ്ശൂർ ജില്ലാ വികസന സമിതിയുടെ പുസ്തകോത്സവം 2014 നവംബർ 20 തൃശ്ശൂർ എംജി റോഡിലുള്ള ശ്രീശങ്കര ഹാളിൽ നടക്കും. സർക്കാർ സഹകരണ സ്വകാര്യപുസ്തക ചാലക്കാർ പങ്കെടുക്കും. 110 ആളുകൾ ആണ് ഒരുക്കിയിട്ടുള്ളത്. നൂതന പുസ്തകങ്ങൾ ഗ്രന്ഥശാലകൾക്കും ജനങ്ങൾക്കും തിരഞ്ഞെടുക്കാൻ വിപുലമായ സൗകര്യങ്ങൾ ഉണ്ടായിരിക്കും കാലത്ത് 9 മുതൽ വൈകിട്ട് 6 വരെയാണ് സമയം.

പുസ്തക പ്രകാശനം, ആദരണീയം, കാവ്യാലാപന സദസ്സ്, പി ഭാസ്കരൻസ്മൃതി ഗാന സംഗമം തുടങ്ങിയ അനുബന്ധ പരിപാടികളും നടക്കും. നവംബർ 20ന് കാലത്ത് 10 മണിക്ക് ബാലചന്ദ്രൻ എംഎൽ എ പുസ്തകോത്സവം ഉദ്ഘാടനം ചെയ്യും. ജില്ലാ ലൈബ്രറി കൗൺസിൽ പ്രസിഡന്റ് മുരളി തിരുനെല്ലി എം എൽ എ അദ്ധ്യക്ഷത വഹിക്കും. തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രിൻസ് ആയിരിക്കും. വയലാർ അവാർഡ് ചെയ്തവർ എഴുത്തുകാരൻ അശോകൻ ചേരുവിലിനെ ആദരിക്കും. പ്രമുഖ സാഹിത്യ സാംസ്കാരിക പ്രവർത്തകർ പങ്കെടുക്കും.

നിര്യാതനായി

രവീന്ദ്രൻ

ഇരിങ്ങാലക്കുട : നടവരമ്പ് കോലോത്തുംപടി ഭാരതീയ വിദ്യാഭവൻ സ്കൂളിനു സമീപം പാറക്കുളം കൊച്ചുണ്ണി മകൻ രവീന്ദ്രൻ (73) നിര്യാതനായി. സംസ്കാരം നടത്തി. ഭാര്യ: ശർമിള. മക്കൾ: ഗ്രീഷ്മ, രജീഷ്, രേഷ്മ.മരുമക്കൾ: സുരേഷ്, അശ്വതി, പ്രശാന്ത്.

കോടതി പരസ്യം

ബഹു. തൃശൂർ
MACT മുമ്പാകെ

OP(MV): 1336/2016
EP: 189/2024

ഓറിയന്റൽ ഇൻഷൂറൻസ് കമ്പനി ലിമിറ്റഡ്
-വിധി ഉടമ
ഷിഹാബുദ്ദീൻ S/o. ഖാദർ, നാലകത്ത് ഹൗസ്, പി ഒ പാടൂർ, തൃശൂർ ജില്ല
- വിധി കടക്കാരൻ

മേൽ നമ്പറിൽ വിധി കടക്കാരനുള്ള നോട്ടീസ് പതിച്ചുനടത്തുന്നതിന് കല്പിച്ച് **30-11-2024** തിയ്യതിക്ക് വെച്ചിരിക്കുന്നു. ഹരജി കാര്യത്തിൽ ആക്ഷേപം ഉണ്ടെങ്കിൽ അന്നേദിവസം പകൽ 11 മണിക്ക് ബഹു. കോടതിയിൽ ഹാജരായി ബോധിപ്പിക്കേണ്ടതാകുന്നു. അല്ലാത്തപക്ഷം താങ്കളെ കൂടാതെ ഹരജി തീർപ്പ് കല്പിക്കുന്നതുമാണ് എന്ന വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 11-11-2024
വിധി ഉടമഭാഗം അഡ്വക്കെറ്റ്
സബീന തമ്പി (ഒപ്പ്)
അയ്യന്തോൾ

കോടതി പരസ്യം

ബഹു. തൃശൂർ
MACT മുമ്പാകെ

EP: 157/2024

United India Insurance Co., Ltd, Round North, Thrissur
-Decree Holder
Renjith S/o. Ravi, Edakkunni House, Near Temple, Mundathicode P.O., Thrissur
-Judgement Debtor

മ